# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4218 — 25/06/2018-ൽ മറുപടിയ്ക്ക്

## നോക്കുകൂലി നിരോധനം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.വി.എസ്.ശിവകുമാർ** | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും നൈപുണ്യവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) മെയ് ഒന്നിന് നോക്കുകൂലി നിരോധനം ഏർപ്പെടുത്തിയതിനു ശേഷം നാളിതുവരെ ഇതുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (എ) എറണാകുളം ജില്ലയിലും മലപ്പുറം ജില്ലയിലും ഓരോ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| ബി) ഈ പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) മലപ്പുറം ജില്ലയിൽ അസിസ്റ്റൻറ് ലേബർ ഓഫീസർ ഇടപെട്ട് ചെയ്യാത്ത ജോലിയ്ക്ക് കൂലി ഇനത്തിൽ വാങ്ങിയ തുക തിരികെ തൊഴിലുടമക്ക് ലഭ്യമാക്കിയിട്ടുണ്ട്. എറണാകുളം ജില്ലയിൽ പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാ ലേബർ ഓഫീസർ പരാതിക്കാരനെ ബന്ധപ്പെട്ടിരുന്നുവെങ്കിലും പരാതിയില്ലെന്ന് പരാതിക്കാരൻ അറിയിക്കുകയാണ് ഉണ്ടായത്. |
| (സി) നോക്കുകൂലി പരാതികൾ രജിസ്റ്റർ ചെയ്യാൻ ഒരു ടോൾ ഫ്രീ നമ്പർ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) ചെയ്യാത്ത ജോലിയ്ക്ക് കൂലി വാങ്ങുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ സത്വരനടപടി സ്വീകരിക്കുന്നതിനും പൊതുജനങ്ങൾക്ക് വകുപ്പുമായി ബന്ധപ്പെട്ട പരാതികളും |

സംശയങ്ങളും ദൂരീകരിക്കുന്നതിനുമായി തൊഴിൽ വകുപ്പിൽ കോൾ സെന്റർ/ഹെൽപ് ലൈൻ പ്രവർത്തിച്ചു വരുന്നുണ്ട്.(കോൾ സെൻറർ നമ്പർ 180042555214 /155214.)

സെക്ഷൻ ഓഫീസർ